No.CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശനപ്പരീക്ഷ-2018 ഒരുക്കങ്ങൾ പൂർത്തിയായി

2018-19 അധ്യയനവർഷത്തിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിനായി നടത്തപ്പെടുന്ന എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷ 2018 ഏപ്രിൽ 23, 24 തീയതികളിൽ നടക്കുന്നതാണ്. കേരളത്തിലെ സർക്കാർ/സ്വാശ്രയ ഫാർമസി കോളേജുകളിൽ ബി.ഫാം കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏപ്രിൽ 23- ന് നടക്കുന്ന എഞ്ചിനീയറിംഗ് പേപ്പർ I (ഫിസിക്സ് & കെമിസ്ട്രി) എഴുതേണ്ടതാണ്. കേരളത്തിലെ 14 ജില്ലകളിലായി 349 കേന്ദ്രങ്ങളിലും, ഡെൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലെ ഓരോ കേന്ദ്രങ്ങളിലുമായി ആകെ 352 കേന്ദ്രങ്ങളിലാണ് പ്രവേശന പരീക്ഷ നടത്തപ്പെടുന്നത്. ആകെ 1,04,102 അപേക്ഷകർ എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷ എഴുതുന്നുണ്ട്. കൂടാതെ ഫാർമസിയ്ക്ക് 70,716 അപേക്ഷകരും, എഞ്ചിനീയറിംഗിനും, ഫാർമസിയ്ക്കുമായി ആകെ 1,25,332 അപേക്ഷകരും പ്രവേശന പരീക്ഷ അഭിമുഖീകരിക്കുന്നുണ്ട്. പ്രവേശനപ്പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരും, വിദ്യാഭ്യാസ വകുപ്പിലെ മറ്റു ഉദ്യോഗസ്ഥരും ഉൾപ്പെടെ 7,000-ൽപരം ഉദ്യോഗസ്ഥരെ വിവിധ തലങ്ങളിൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളും കോളേജുകളുമാണ് പ്രധാനമായും പരീക്ഷാകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് ആവശ്യമായ അഡ്മിറ്റ്കാർഡുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് ഹാജരാക്കിയാൽ അത് പരീക്ഷാ ഹാളിൽ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് സൗകര്യപ്രദമായിരിക്കും. പ്രവേശനപ്പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പോലീസ് മേധാവികൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

Santhosh Kumar

പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി

തിരുവനന്തപുരം
21.04.2018